ഉത്തരം

(എ ആന്റ് ബി) ചികിത്സാ സഹായം വിതരണം ചെയ്തതിന്റെ വിവരം താഴെ കൊടുക്കുന്നു.

ജില്ല	ആളുകളുടെ എണ്ണം	തുക
കാസർഗോഡ്	2266	43,37,700
കണ്ണൂർ	2819	1,10,86,310
ആലപ്പുഴ	5345	1,33,14,896
കൊല്ലം	3282	74,32,558
തൃശ്ശൂർ	5444	1,27,75,000
കോട്ടയം	11511	1,23,70,792
കോഴിക്കോട്	4653	1,23,74,000
പാലക്കാട്	2814	86,58,000

മറ്റ് ജില്ലകളിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണക്കുകൾ ലഭ്യമല്ല.

സാമ്പത്തിക സഹായത്തിനായി നൽകിയ നിവേദനം

59 [3110] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ സേനാപതി പഞ്ചായത്തിൽ മംഗളാംകുന്നിൽ ജോൺ 10-11-2004-ൽ കടബാദ്ധ്യതമൂലം ആത്മഹത്യ ചെയ്തതായി ജോണിന്റെ ഭാര്യ അച്ചാമ്മ മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചിരുന്നുവോ;

(ബി) ഇതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു;

(സി) കടബാദ്ധ്യതമൂലം ആത്മഹത്യ ചെയ്ത ബേബി എന്നു വിളിക്കുന്ന ജോണിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സേനാപതി സഹകരണ ബാങ്കിൽ നിന്നും മറ്റും എടുത്തിട്ടുള്ള കടബാദ്ധ്യതകളെപ്പറ്റി തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സമർപ്പിച്ചിരുന്നു.

(ബി) കാർഷിക വായ്പയെ തുടർന്നുള്ള കടബാദ്ധ്യതമൂലമുള്ള മരണമാണോ എന്ന് സ്ഥിരീകരിക്കുന്നതിനായി ഇടുക്കി ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കടബാദ്ധ്യതമൂലമുള്ള മരണമാണെന്ന് ബന്ധപ്പെട്ടവരുടെ സ്ഥിരീകരിച്ച റിപ്പോർട്ട് ലഭിച്ചാൽ മാത്രമെ സാമ്പത്തിക സഹായം നൽകാൻ നിർവ്വാഹമുള്ളൂ.

(ഡി) കടബാദ്ധ്യതകൾ ഉണ്ടോയെന്ന് തിട്ടപ്പെടുത്തിയ ശേഷമാണ് ജില്ലാ കളക്ടർമാർ ആത്മഹത്യ സംബന്ധിച്ച റിപ്പോർട്ട് നൽകുന്നത്.

ദേശീയ കുടുംബസഹായ പദ്ധതി പ്രകാരം സാമ്പത്തിക സഹായം

60 [3111] പ്രൊഫ. കെ. വി. തോമസ്:

„ എ. ഡി. മുസ്തഫ:

ശ്രീ. എം. മുരളി:

„ എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കുടുംബസഹായ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പേർക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കും ഓരോ ജില്ലയ്ക്കും എന്തു തുക വീതം നൽകേണ്ടിവരുമെന്നുള്ള വിവരവും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിക്കു വേണ്ടി ഈ വർഷം അനുവദിച്ച സംഖ്യ മുഴുവനും ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിയനുസരിച്ച് സഹായം ലഭിക്കുന്നതിന് ലഭിച്ച അപേക്ഷകളിൽ ഇനിയും തീരുമാനമെടുക്കാനുള്ള അപേക്ഷകളുടെ എണ്ണമെത്ര;

(ഇ) ഈ അപേക്ഷകൾ അനുവദിക്കുന്നപക്ഷം അപേക്ഷകർക്കു കൊടുക്കുന്നതിന് എത്ര സംഖ്യ വേണ്ടി വരുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly